## മൂല്യനിർണ്ണയം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഭൂഗോളത്തിൽ കിഴക്കു പടിഞ്ഞാറായി പോകുന്ന സങ്കല്പ രേഖകൾ

   a) അക്ഷാംശ രേഖകൾ b) ഭൂമിയുടെ അക്ഷം c) രേഖാംശ രേഖകൾ

2. 0 ° രേഖാംശ രേഖ

   a) ഗ്രീനിച്ച് രേഖ b) ദീർഘ രേഖ c) ഭൂമിയുടെ അക്ഷം

3. രാജ്യങ്ങൾ, ഭൂഖണ്ഡങ്ങൾ, തലസ്ഥാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഭൂപടങ്ങൾ

   a) ഭൂപ്രകൃതി ഭൂപടങ്ങൾ b) രാഷ്ട്രീയ ഭൂപടങ്ങൾ c) ആശയ ഭൂപടങ്ങൾ

### II. വിശദമായ ഉത്തരം നൽകുക.

1. ഭൂപടം (Map) എന്നാലെന്ത്?
2. ആശയ ഭൂപടത്തെ നിർവ്വചിക്കുക
3. അക്ഷാംശ, രേഖാംശ രേഖകളെ ആസ്പദമാക്കി ഇന്ത്യയുടെ സ്ഥാനത്തെ നിർവചിക്കുക
4. ഭൂപടത്തിന്റെ വകകൾ ഏവ?
5. ഭൂപടത്തിന്റെ ഉപയോഗങ്ങൾ ഏവ?
6. അക്ഷാംശരേഖകൾ എന്നാൽ എന്ത്?
7. ദീർഘാംശ രേഖകൾ എന്നാൽ എന്ത്

### III. ഭൂപട പരിശീലനം

1. പ്രകൃതി ഭൂപടം, രാഷ്ട്രീയ ഭൂപടം, ആശയ ഭൂപടം എന്നിവ നോക്കി

   a) അവ ഏതു തോതിലാണ് വരച്ചിട്ടുള്ളതെന്നു കാണുക

   b) എന്തെല്ലാം വിവരങ്ങളാണ് നൽകിയിരിക്കുന്നതെന്നു കാണുക.

   c) തന്നിട്ടുള്ള ചിഹ്നങ്ങൾ അഥവാ സൂചകങ്ങൾ അവയുടെ വിശദീകരണം എന്നിവയെ കുറിക്കുന്ന പട്ടിക തയ്യാറാക്കുക.

2. ഇന്ത്യാ ഭൂപടത്തിൽ സംസ്ഥാനങ്ങളെയും അവയുടെ തലസ്ഥാനങ്ങളെയും രേഖപ്പെടുത്തുക

## പ്രായോഗിക പ്രവർത്തനം

1. സൂചനചിഹ്നങ്ങളുപയോഗിച്ച് നിങ്ങളുടെ സ്ഥലത്തെ ഭൂപടം വരയുക.
2. ഡോളമി വരച്ച ലോകഭൂപടത്തെ നിരീക്ഷിച്ച് വിവാദിക്കുക
3. ഭാവനയിലെ ഉല്ലാസയാത്ര

   ഇന്ത്യ / ലോകത്തിൽ നിങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ ഉല്ലാസയാത്രയ്ക്ക് ഇഷ്ടപ്പെടുന്നു? ഏതെല്ലാം ഗതാഗതമാർഗ്ഗങ്ങളെയാണ് ആശ്രയിക്കുന്നത്?

   അധ്യാപകൻ : നീ എവിടെയാണ് പോകുന്നത്

   വിദ്യാർത്ഥി : അന്റാർട്ടിക്ക

   അധ്യാപകൻ : ഏതു ഗതാഗതത്തെയാണ് ആശ്രയിക്കുന്നത്?


   വിദ്യാർത്ഥി : കപ്പൽ

വിദ്യാർത്ഥി കപ്പൽയാത്ര ചെയ്യുന്നതുപോലെ ഭാവിച്ച് ചുമരിൽ തൂക്കിയിട്ടുള്ള ലോകഭൂപടത്തിൽ അന്റാർട്ടിക്കയെ തൊട്ടുകാണിക്കണം. ഇതുപോലെ ഭൂഖണ്ഡങ്ങൾ, നാടുകൾ, ദ്വീപുകൾ, നഗരങ്ങൾ എന്നിവ വിനോദപരമായി മനസ്സിലാക്കൽ.

**അഭ്യാസം**

## ഇന്ത്യ – രാഷ്ട്രീയ ഭൂപടം

വ
പ കി
തെ



ഇന്ത്യയുടെ സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനങ്ങളും കുറിക്കുക

# 1. സാമ്രാജ്യങ്ങളുടെ ആവിർഭാവം

## മഹാജനപഥങ്ങൾ

വേദകാലത്തിന്റെ അവസാനത്തിൽ പുതിയ വളക്കൂറുള്ള കൃഷിസ്ഥലങ്ങൾ, ഖനിജ സമ്പത്തുക്കൾ എന്നിവകൾക്കായി ചെറിയ രാജ്യങ്ങളായ മഹാജനപഥങ്ങൾ പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരുന്നു. ഇതേ ലക്ഷ്യത്തിനായി അവർ പൂർവ്വദിക്കിലേക്ക് ആധിപത്യം ഏർപ്പെടുത്തുന്നതിനും ശ്രമിച്ചു. അതുകൊണ്ട് ഗംഗാസമതലത്തിന്റെ പൂർവ്വ, ദക്ഷിണ ഭാഗങ്ങളിൽ നിന്നുവന്ന ആര്യേതര വിഭാഗങ്ങളോട് അവർക്ക് യുദ്ധമുണ്ടായി. ഈ യുദ്ധങ്ങളിൽ പരാജയപ്പെട്ടതിനാലോ, സ്വയം മുന്നോട്ടുവന്നോ അവ വലിയ മഹാജനപഥങ്ങളായി ഏകീകരിക്കപ്പെട്ടു.

അതായത്, പല ജനപഥങ്ങൾ ഉൾക്കൊള്ളുന്ന വലിയ ഘടകമായി മഹാജനപഥങ്ങൾ രൂപംകൊണ്ടു. വർഗ്ഗവിഭാഗത്തിന് അധിഷ്ഠിതമായ ഘടകത്തെക്കാൾ മികച്ച, നിലത്തെ ആസ്പദമാക്കിയ രാജ്യങ്ങളായി മഹാജനപഥങ്ങൾ പരിണമിച്ചു. ബുദ്ധന്റെ കാലത്തിൽ ഉത്തരേന്ത്യയിൽ 16 മഹാജനപഥങ്ങൾ നിലവിലിരുന്നതായി രേഖകൾ ഉണ്ട്. ഇവയിൽ ചിലത് പാരമ്പര്യാധിഷ്ഠിതമായി രാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്നു. മറ്റു ചിലവ തെരഞ്ഞെടുക്കപ്പെട്ട രാജാക്കന്മാരാൽ ഭരിക്കപ്പെട്ടു. വൈശാലി നഗരത്തെ തലസ്ഥാനമാക്കിയിട്ടുള്ള വജ്ജി (വൃജ്ജി) സംയുക്ത ഭരണത്തിൽ 18 വിഭാഗങ്ങളുണ്ടായിരുന്നു.

കോസലം, അവന്തി, വത്സം, മഗധം തുടങ്ങിയവ പാരമ്പര്യാധിഷ്ഠിതമായി രാജഭരണം നടത്തിയ മഹാജനപഥങ്ങളിൽ ശക്തിയാർജ്ജിച്ചവയാണ്. ഇവ തങ്ങൾക്കുള്ളിലും ഇതര റിപ്പബ്ലിക്കുകളോടും യുദ്ധം ചെയ്തു കൊണ്ടിരുന്നു. അവസാനം മഗധം മറ്റു മഹാജനപഥങ്ങളെ തോല്പിച്ച് ഒരു സാമ്രാജ്യമായി രൂപം കൊണ്ടു.

**മഹാജനപഥങ്ങൾ**

| | |
|---|---|
| 1) അംഗം | 9) കുരു |
| 2) മഗധം | 10) പാഞ്ചാലം |
| 3) കോസലം | 11) മത്സ്യം |
| 4) കാശി | 12) ശൂരസേനം |
| 5) വജ്ജി | 13) അശ്മകം |
| 6) മല്ലം | 14) അവന്തി |
| 7) ഛേദി | 15) ഗാന്ധാരം |
| 8) വത്സം | 16) കാംബോജം |

## മഗധത്തിന്റെ ഉയർച്ച

### ബിംബിസാരൻ – അജാതശത്രു

ഇന്നത്തെ ബിഹാർ സംസ്ഥാനത്തിലെ പാട്നയ്ക്കു ചുറ്റുമുള്ള പ്രദേശമാണ് മഗധം. ആദ്യം **ശ്രാവസ്തിയും** പിന്നീട് **രാജഗൃഹവും** അവസാനമായി **പാടലീപുത്രവും** ഇതിന്റെ തലസ്ഥാനമായിരുന്നു.

ഹര്യംഗ വംശത്തിലെ ബിംബിസാരനാണ് വളരെ ചെറിയ മഗധത്തെ ആക്രമണങ്ങളാലും വിവാഹബന്ധങ്ങളാലും വിപുലീകരിക്കുകയും ശക്തിമത്താക്കുകയും ചെയ്തത്. ബിംബിസാരന്റെ മകൻ അജാതശത്രു തന്റെ പിതാവിനെ ജയിലിലടച്ച് ഭരണം കൈവശമാക്കി. ഇദ്ദേഹമാണ് കോസലം, അവന്തി, വൈശാലി എന്നീ ജനപഥങ്ങളോട് വളരെക്കാലം യുദ്ധം ചെയ്ത് അവയെ തോൽപിച്ച് മഗധത്തോട് ചേർത്തത്. പാടലീപുത്രം എന്ന കോട്ട നിർമ്മിച്ചതും അജാത ശത്രുവാണ്.

### ശിശുനാഗൻ – മഹാപദ്മനന്ദൻ

ഹര്യംഗ വംശത്തെ പരാജയപ്പെടുത്തി ഭരണം പിടിച്ചെടുത്ത ശിശുനാഗനും അവർക്കുശേഷം ഭരണത്തിലെത്തിയ നന്ദവംശക്കാരും മഗധഭരണത്തെ ഉത്തരേന്ത്യ മുഴുവനും വ്യാപിപ്പിച്ചു. മഹാപദ്മനന്ദൻ എന്ന ഒന്നാം നന്ദരാജാവ് വിന്ധ്യാമലകൾ കടന്ന് ഡക്കാൺ പ്രദേശങ്ങളെയും കീഴടക്കി. സിന്ധു നദിമുതൽ ഡക്കാൺവരെ വ്യാപിച്ച അതിവിസ്തൃതമായ ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യമായി മഗധത്തെ വികസിപ്പിച്ചെടുത്തത് മഹാപദ്മനന്ദനാണ്.

സമൂഹത്തിന്റെ അവസാന നിലയിലുള്ള ശൂദ്ര വിഭാഗത്തിൽപ്പെട്ട ശിശുനാഗനും മഹാപദ്മനന്ദനും രാജാക്കന്മാരായി കിരീടധാരണം ചെയ്തു. ആ കാലഘട്ടത്തിൽ ഇതൊരു വലിയ വിപ്ളവമാണ്. നന്ദവംശ ഭരണാധികാരികൾ ജൈനമതത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇന്ത്യയുടെ പടിഞ്ഞാറു ഭാഗത്തെ ആക്രമിച്ച ഗ്രീസിലെ മാസിഡോണിയ രാജാവ് അലക്സാണ്ടർ, വളരെദൂരം യാത്രചെയ്ത് സൈനികർ പരിക്ഷീണരായതിനാലും നന്ദരാജാക്കന്മാരുടെ യുദ്ധസാമർത്ഥ്യത്തെക്കുറിച്ച് അറിഞ്ഞിരുന്നതിനാലും അവരോട് യുദ്ധം ചെയ്യാതെ തിരിച്ചുപോയി.

## മൗര്യസാമ്രാജ്യം

### ചന്ദ്രഗുപ്ത മൗര്യൻ

മൗര്യവംശത്തിലെ ചന്ദ്രഗുപ്തൻ, അവസാനത്തെ നന്ദരാജാവ് ധനനന്ദനെതിരെ കലാപമുണ്ടാക്കി, യുദ്ധത്തിൽ വിജയം നേടി മഗധ സാമ്രാജ്യത്തിന്റെ ഭരണത്തെ കൈവശമാക്കി. (ക്രി.മു. 324 – ക്രി.മു. 299).

അലക്സാണ്ടറുടെ നേതൃത്വത്തിൽ മുമ്പ് കീഴടക്കിയ ഇന്ത്യയുടെ പടിഞ്ഞാറൻ പ്രദേശങ്ങളെ പിടിച്ചെടുത്ത് മൗര്യസാമ്രാജ്യത്തോടു ചേർത്തു. ഇതിനെ എതിർത്ത സെലൂക്കസ് നികേഡർ എന്ന ഗ്രീക്കു ഭരണാധികാരിയെ പരാജയപ്പെടുത്തി, അഫ്ഗാനിസ്ഥാൻ, ഗാന്ധാരം തുടങ്ങിയ പ്രദേശങ്ങളേയും മൗര്യസാമ്രാജ്യത്തോടു ചേർത്തു.



മെഗസ്തനീസ്



ചന്ദ്രഗുപ്ത മൗര്യൻ

സെലൂക്കസിന്റെ സ്ഥാനപതിയായ മെഗസ്തനീസ് എന്ന പണ്ഡിതൻ പാടലീപുത്രത്തിൽ പലവർഷങ്ങൾ താമസിച്ചു. അദ്ദേഹം മനസ്സിലാക്കിയ ഇന്ത്യയെക്കുറിച്ച് **'ഇൻഡിക'** എന്ന ഗ്രന്ഥം രചിച്ചു. ചന്ദ്രഗുപ്ത മൗര്യൻ ജൈനമതത്തെ സ്വീകരിച്ച്, സിംഹാസനം ത്യജിച്ച് ജൈന സന്യാസി ഭദ്രബാഹുവിനോടൊപ്പം ദക്ഷിണേന്ത്യയിൽ പോയി സന്യസിച്ചതായി ജൈനമത സാഹിത്യങ്ങൾ പറയുന്നു. അവിടെ ശ്രാവണബെൽഗോള പ്രദേശത്തിൽ ജൈനമത വിശ്വാസപ്രകാരം ഉപവസിച്ച് ജീവത്യാഗം ചെയ്തതായും പറയുന്നുണ്ട്.

### അശോകൻ

ചന്ദ്രഗുപ്ത മൗര്യനുശേഷം അദ്ദേഹത്തിന്റെ പുത്രൻ ബിന്ദുസാരൻ 25 വർഷം രാജ്യഭരണം നടത്തി. അദ്ദേഹത്തിനുശേഷം പുത്രന്മാരിലൊരാളായ അശോകൻ മൗര്യചക്രവർത്തിയായി (ക്രി.മു. 273 – ക്രി.മു. 236) ആദ്യത്തെ 4 വർഷങ്ങളിൽ താൻ ചക്രവർത്തിയാകുന്നതിനെ എതിർത്ത തന്റെ സഹോദരന്മാരെ അമർച്ച ചെയ്യുന്നതിന് വിനിയോഗിച്ചു. പിന്നീട് എട്ടാം വർഷത്തിനു ശേഷം മൗര്യസാമ്രാജ്യത്തിൽ നിന്നും പിരിഞ്ഞുപോയ കലിംഗ രാജ്യത്തെ ആക്രമിച്ചു. കടുത്ത പോരാട്ടത്തിനുശേഷം കലിംഗത്തെ വീണ്ടും മൗര്യസാമ്രാജ്യത്തോടു ചേർത്തു. എന്നാൽ യുദ്ധത്തിലുണ്ടായ കെടുതികൾ അദ്ദേഹത്തെ വേദനിപ്പിച്ചു. ഇനിമേൽ യുദ്ധം ചെയ്യുന്നതല്ല എന്ന് ശപഥം ചെയ്തു.

## അശോകന്റെ ധർമ്മവിജയം

പ്രജകളെ സഹായിക്കുകയും അവരെ സന്മാർഗ്ഗത്തിലൂടെ നയിക്കുകയുമാണ് ഒരു ഭരണാധികാരിയുടെ കടമകളെന്ന് അശോകൻ പ്രസ്താവിച്ചു. ബാക്കിയുള്ള തന്റെ ജീവിതകാലം ജനങ്ങളെ നേരിട്ട് കണ്ട് അവരെ സഹായിക്കുകയും അവർക്ക് സന്മാർഗ്ഗചിന്തകൾ ഉപദേശിക്കുകയുമാണ് തന്റെ കർത്തവ്യമെന്ന് അദ്ദേഹം വിശ്വസിച്ചു. ആക്രമണങ്ങളായ ദിഗ്വിജയങ്ങളെ ഉപേക്ഷിച്ച് ജനങ്ങളിൽ ധാർമ്മികചിന്ത വളരുവാൻ അദ്ദേഹം നടത്തിയ തുടർന്നുള്ള യാത്രകളെയാണ് 'ധർമ്മവിജയം' എന്നു പറയുന്നത്. ജാതിമതഭേദമെന്യേ എല്ലാവർക്കും സത്രങ്ങളും ആശുപത്രികളും സ്ഥാപിച്ചു. കന്നുകാലികൾക്കും ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. ജീവബലിയും അനുബന്ധമായ ചടങ്ങുകളും യാഗങ്ങളും നിരോധിച്ചു. ശിക്ഷാവിധികളിൽ മനുഷ്യത്വപരമായ മാറ്റങ്ങൾ കൊണ്ടുവന്നു. വധ ശിക്ഷകൾ ഒഴിവാക്കി. പ്രാദേശിക ഭാഷകളിൽ ആലേഖനം ചെയ്ത ശിലാശാസനങ്ങളിലൂടെ അശോകൻ തന്റെ ധമ്മ (ധർമ്മ)ത്തെ ജനമധ്യത്തിൽ പ്രചരിപ്പിച്ചു. ധാർമ്മിക മൂല്യങ്ങളെ ജനങ്ങളെ ധരിപ്പിക്കുന്നതിനായി ധർമ്മ മഹാമാത്രർ എന്ന പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. ഇന്ത്യയിലെ ആദ്യത്തെ ക്ഷേമരാഷ്ട്രം സൃഷ്ടിച്ച മഹത്വം അശോകനാണുള്ളത്.



അശോകൻ



സാരനാഥത്തിലെ ശിലാസ്തംഭം

## അശോകനും ബുദ്ധമതവും


ജ്ഞാനം, സ്നേഹം, സന്മാർഗ്ഗം എന്നിവയിലധിഷ്ഠിതമായ ബുദ്ധമതത്തെ അശോകൻ പിന്തുടർന്നു. എന്നാൽ ബ്രാഹ്മണർ, അജിവകർ തുടങ്ങിയ മതവിഭാഗങ്ങളോടു കാരുണ്യത്തോടെ പെരുമാറി. ബുദ്ധമതത്തെ പ്രചരിപ്പിക്കുവാൻ അധിക ശ്രമങ്ങൾ നടത്തി. കപിലവസ്തു, സാരനാഥം, ബുദ്ധഗയ തുടങ്ങിയ ബുദ്ധന്റെ സ്മരണ നിലനിർത്തുന്ന സ്ഥലങ്ങളെ അറ്റകുറ്റപ്പണികൾ തീർത്ത് വിസ്തൃതമാക്കി. നൂറുക്കണക്കിന് സ്തൂപികളും സ്തംഭങ്ങളും നിർമ്മിച്ചു. മൂന്നാം ബുദ്ധമത സമ്മേളനത്തെ പാടലീപുത്രത്തിൽ നടത്തി. ബുദ്ധ മത തത്വങ്ങളെ പ്രചരിപ്പിക്കുന്നതിനായി ഭിക്ഷു സംഘങ്ങളെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും അയച്ചു. ശ്രീലങ്കയിൽ ബുദ്ധമത പ്രചരണത്തിനായി തന്റെ പുത്രൻ മഹേന്ദ്രനെ അയച്ചിരുന്നു. അശോകന്റെ പരിശ്രമഫലമായി ബുദ്ധമതം ഒരു ലോകമതമായി വികസിച്ചു.

## <u>അശോകൻ കലകൾക്കു നൽകിയ സംഭാവനകൾ</u>

സിന്ധുനദീതട സംസ്ക്കാരത്തിന്റെ ഭാഗമായിട്ടുള്ള സ്മാരകങ്ങൾക്കുശേഷം ഇന്ത്യയിലെ പുരാതന സ്മാരകങ്ങളായി നിലകൊള്ളുന്നത് അശോകനാൽ നിർമ്മിക്കപ്പെട്ട സ്തൂപികളും, ശിലാസ്തംഭങ്ങളുമാണ്. സാഞ്ചി, സാരനാഥ്, ലുംബിനി തുടങ്ങിയ സ്ഥലങ്ങളിൽ കാണപ്പെടുന്ന കലാമൂല്യമുള്ള അതിബൃഹത്തായ ബൗദ്ധസ്തൂപികൾ സന്ദർശകരെ അത്ഭുതപരതന്ത്രരാക്കുന്നു. അശോകൻ സ്ഥാപിച്ച ശിലാസ്തംഭങ്ങൾ വളരെ മനോഹരമായിരുന്നു. അശോകന്റെ സിംഹശിരസ്സുള്ള സ്തംഭത്തിന്റെ മുകൾഭാഗം ഇന്ത്യാഗവൺമെന്റിന്റെ ചിഹ്നമാണ്. ആ സ്തംഭത്തിൽ കാണുന്ന ധർമ്മചക്രം ഇന്ത്യൻ ദേശീയപതാകയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അതിന്റെ ശിരോഭാഗത്തിനു താഴെ കാണപ്പെടുന്ന താമരപ്പൂ കമഴ്ത്തിവച്ച രൂപം പേർഷ്യൻ ശില്പകലയുടെ സ്വാധീനത്താൽ രൂപംകൊണ്ടതാണ്.

## അശോകന്റെ ശിലാശാസനങ്ങൾ

ഗുഹകളുടെ ഭിത്തികളിലും, ശിലാസ്തംഭങ്ങളിലും, പാറകളിലുമുള്ള അശോകന്റെ കല്പനകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സാമ്രാജ്യത്തിന്റെ പലഭാഗങ്ങളിലും കൊത്തിവച്ചിട്ടുണ്ട്. മിക്കവാറും ശിലാശാസനങ്ങൾ പ്രാകൃതഭാഷയിലും വടക്കുപടിഞ്ഞാറൻ ഭാഗത്ത് ഖാരോഷ്ടി എന്ന ഭാഷയിലും അഫ്ഗാനിസ്ഥാൻ പ്രദേശങ്ങളിൽ ഗ്രീക്കുഭാഷയിലും കൊത്തിവച്ചിട്ടുണ്ട്. അശോകന്റെ യുദ്ധത്തിനെതിരായ പ്രതിജ്ഞ, മനുഷ്യത്വപരമായ ആശയങ്ങൾ, സാന്മാർഗ്ഗിക തത്വങ്ങൾ എന്നിവ ഈ ശിലാശാസനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



അശോകന്റെ ശിലാശാസനം

**അശോകന്റെ ശിലാശാസനം**

"എട്ടുവർഷം യുദ്ധം ചെയ്ത് കലിംഗത്തെ ജയിച്ചു. ഇതിൽ ഒരു ലക്ഷംപേർ മരിച്ചു. ഒന്നരലക്ഷം പേർ നാടുവിട്ടു പോയി.

ഇത് എനിക്ക് വലിയ ദുഃഖമുണ്ടാക്കി. ജനപദം യുദ്ധത്തിൽ പരാജയപ്പെടുമ്പോൾ, ലക്ഷക്കണക്കിന് ആളുകൾ മരിക്കുകയും തടവുകാരാവുകയും ചെയ്യുന്നു. മുമ്പ് സ്നേഹത്തോടെ കഴിഞ്ഞിരുന്നവരെ യുദ്ധം വിഭജിക്കുന്നു.

യുദ്ധത്തിന്റെ കെടുതികൾ എല്ലാവിഭാഗം ജനങ്ങളെയും ബാധിക്കുന്നു. ഇത് എന്നെ വളരെ വേദനിപ്പിച്ചു. യുദ്ധത്തെക്കാൾ ഞാൻ ധർമ്മത്തെ അംഗീകരിക്കുന്നു".

-അശോകൻ

## മൗര്യരുടെ ഭരണരീതി

അശോക സാമ്രാജ്യത്തെ ഭരണസൗകര്യാർത്ഥം അഞ്ച് സംസ്ഥാനങ്ങളായി വിഭജിച്ചു. ഉത്തര സംസ്ഥാനത്തിൽ തക്ഷശിലയും, പശ്ചിമ സംസ്ഥാനത്തിൽ ഉജ്ജയിനിയും, ദക്ഷിണ സംസ്ഥാനത്തിൽ സുവർണ്ണഗിരിയും (കർണ്ണാടകം), പൂർവ്വ സംസ്ഥാനത്തിൽ തെസ്സാലിയും (ഒറീസ്സ) തലസ്ഥാനങ്ങളായിരുന്നു. സാമ്രാജ്യത്തിന്റെ മദ്ധ്യഭാഗമായ മഗധത്തെ ചക്രവർത്തി പാടലീപുത്രത്തിലിരുന്ന് ഭരണം നടത്തി.

ചക്രവർത്തിക്ക് ഉപദേശം നൽകാനായി മന്ത്രിമാരും പടത്തലവന്മാരും ഉണ്ടായിരുന്നു. ജാതിമതഭേദമെന്യേ മന്ത്രിമാരും ഉദ്യോഗസ്ഥരും നിയമിക്കപ്പെട്ടിരുന്നു. മഹാമാത്രർ എന്ന ഉന്നത ഉദ്യോഗസ്ഥന്മാർ സംസ്ഥാനങ്ങളുടെ ഭരണാധികാരികളായും, ഗവർണ്ണർമാരായും പ്രവർത്തിച്ചിരുന്നു. രാജകുമാരന്മാരും മഹാമാത്രന്മാരായി നിയമിക്കപ്പെട്ടു. യുക്തർ, പ്രദേശികർ, ദൂതന്മാർ, ചാരന്മാർ തുടങ്ങിയ മറ്റുദ്യോഗസ്ഥരും ഉണ്ടായിരുന്നു. അതിർത്തി സംരക്ഷണത്തിന്റെ മേൽനോട്ടം നിർവ്വഹിച്ചിരുന്നവരെ അന്തമഹാമാത്രർ എന്ന് പറഞ്ഞിരുന്നു.

ജനങ്ങളുടെ സാന്മാർഗ്ഗിക ജീവിതത്തിന് സഹായകമായി ധർമ്മമഹാമാത്രർ നിയമിക്കപ്പെട്ടിരുന്നു. നഗരങ്ങളിൽ തദ്ദേശ സ്വയം ഭരണ സംവിധാനം ഉണ്ടായിരുന്നു. പാടലീപുത്രത്തെ 30 പേർ അടങ്ങിയ നഗരസഭ ഭരണം നടത്തിയിരുന്നതായി മെഗസ്തനീസ് രചിച്ച ഇൻഡികയിൽ പറയുന്നുണ്ട്. ഇവരിൽ 5 പേരടങ്ങിയ 6 സംഘങ്ങളായി വിഭജിച്ച് ഓരോ സംഘത്തിനും ഒരു പ്രത്യേക വിഭാഗത്തിന്റെ ഭരണച്ചുമതല നൽകിയിരുന്നു. ഇതുപോലെ മൗര്യരുടെ ശക്തമായ സൈന്യത്തെ 30 അംഗ ഭരണസമിതി മേൽനോട്ടം വഹിച്ചിരുന്നു. കാലാൾപ്പട, കുതിരപ്പട, ആനപ്പട, തേർപ്പട, കപ്പൽസൈന്യം തുടങ്ങിയ 5 വിഭാഗങ്ങളുടെ മേൽനോട്ടത്തിന് 5 സംഘങ്ങൾ ഏർപ്പെടുത്തിയിരുന്നു. ആറാമത്തെ അംഗം സൈന്യങ്ങളുടെ ഗതാഗതം, ഭക്ഷണം, വൈദ്യചികിത്സ, ആയുധസാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ എന്നിവ ചെയ്തിരുന്നു.



അശോകന്റെ കാലത്തെ
മൗര്യ സാമ്രാജ്യം
സെലൂക്കസ് നിക്കേഡരിൽ
നിന്നും പിടിച്ചെടുത്ത പ്രദേശം,
തക്ഷശില
ഇന്ദ്രപ്രസ്ഥം
പാടലീപുത്രം
സാരനാഥം
ഗയ
സാഞ്ചി
ഉജ്ജയിനി
ഗിർനാർ
താമ്രലിപ്തി
തെസ്സാലി
കലിംഗം
സുവർണ്ണഗിരി
സിദ്ധപുരം
സത്യപുത്രർ
കാഞ്ചി
കേരളപുത്രർ
ചോളന്മാർ
പാണ്ഡ്യന്മാർ,
താമ്രപനി
അശോകന്റെ കാലത്തെ മൗര്യ സാമ്രാജ്യം


സാമൂഹ്യശാസ്ത്രം

മൗര്യരുടെ നീതി നിർവ്വഹണം ആരംഭത്തിൽ വളരെ കാഠിന്യമേറിയതായിരുന്നു. അശോകൻ മനുഷ്യത്വത്തോടെ പല പരിഷ്കാരങ്ങളും കൊണ്ടുവന്നു. കടുത്ത ശിക്ഷകൾ ഒഴിവാക്കി. മരണശിക്ഷ വിധിക്കപ്പെട്ടവർക്ക് ആശ്വാസം നല്കുന്ന തരത്തിൽ പുതിയ രീതികൾ ഏർപ്പെടുത്തി. ചെറിയ കുറ്റങ്ങൾക്കുള്ള ശിക്ഷാകാലം ഇളവുചെയ്തു. ചക്രവർത്തിയും മന്ത്രിമാരും തുടർന്ന് യാത്രചെയ്ത് ജനങ്ങളുടെ കുറവുകൾ അകറ്റുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊണ്ടു.

മൗര്യവംശത്തിലെ അവസാനത്തെ രാജാവായ ബൃഹദ്രഥൻ തന്റെ സൈന്യാധിപനായ പുഷ്യമിത്ര സുംഗനാൽ വധിക്കപ്പെട്ടു. അതിനുശേഷം ഏകദേശം 500 വർഷക്കാലം മഗധത്തിന്റെ ശക്തി ക്ഷയിച്ചിരുന്നു.

---

## മൂല്യനിർണ്ണയം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പാടലീപുത്രം എന്ന കോട്ട നിർമ്മിച്ചത്
   a)അശോകൻ  b)ബിംബിസാരൻ  c)അജാതശത്രു
2. മെഗസ്തനീസ് രചിച്ച ഗ്രന്ഥം
   a)അർത്ഥശാസ്ത്രം  b)ഇൻഡിക  c)മുദ്രാരാക്ഷസം
3. അശോകൻ സിംഹാസനാരോഹിതനായ വർഷം
   a)ക്രി.മു. 232  b)ക്രി.മു. 273  c)ക്രി.മു. 2554.
4. മൂന്നാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം
   a)പാടലീപുത്രം  b)കാശ്മീർ  c)കപിലവസ്തു

### II. ശരിയോ / തെറ്റോ?

1. സെല്യൂക്കസ് നികേഡർ മെഗസ്തനീസിന്റെ സ്ഥാനപതിയാണ്.
2. നന്ദവംശത്തിലെ ആദ്യത്തെ രാജാവ് മഹാപദ്മനന്ദൻ
3. അശോകൻ ധമ്മ വിജയത്തെ ഉപേക്ഷിച്ച് ദിഗ്വിജയം നടത്തി.
4. ഇന്ത്യയിലെ ആദ്യത്തെ ജനക്ഷേമ ഭരണത്തിന് രൂപം നൽകിയത് അശോകനാണ്.
5. ശ്രീലങ്കയിൽ ബുദ്ധമതം പ്രചരിപ്പിച്ചത് മഹേന്ദ്രനാണ്.

### III. ഉത്തരം നല്കുക

1. മഹാജനപഥങ്ങൾ രൂപം കൊണ്ടതെങ്ങനെ?
2. ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം രൂപവൽക്കരിച്ച മഹത്വം ആരുടേതെന്ന് വിശദമാക്കുക.
3. ഇന്ത്യയിലെ ആദ്യത്തെ ജനക്ഷേമ ഭരണം സ്ഥാപിച്ചത് അശോകൻ എന്നതിന് നാല് കാരണങ്ങൾ എഴുതുക.
4. അശോകന്റെ ജീവിതത്തിൽ മാറ്റമുണ്ടായതിനുള്ള കാരണങ്ങളേവ ?
5. അശോകന്റെ ശിലാശാസനങ്ങൾ ആലേഖനം ചെയ്തിരിരുന്ന ലിപികളെകുറിച്ചെഴുതുക.

## പ്രായോഗിക പ്രവർത്തനം

1. രാജാക്കൻമാരുടെ ഭരണകാലത്ത് ജനങ്ങൾ യുദ്ധങ്ങൾ കാരണം പല ദുരിതങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ ഇക്കാലത്ത് ജനങ്ങൾ േതുതരത്തിലാണ് ദുരിതങ്ങൾ അനുഭവിക്കുന്നത്?
2. അടുത്തെങ്ങാനും ശിലാശാസനങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരുന്നാൽ കറിഞ്ഞ് പഠിക്കാൻ ശ്രമിക്കുക
3. സാരനാഥ് ശിലാസ്തംഭം വരയുക. അല്ലെങ്കിൽ ചിത്രത്തെ കറിഞ്ഞ് വിവരങ്ങൾ എഴുതുക.
4. തന്നിട്ടുള്ള ഇന്ത്യാഭൂപടത്തിൽ അശോകന്റെ കാലത്തെ മൗര്യസാമ്രാജ്യത്തിന്റെ അതിർത്തികൾ വരച്ച് താഴെപ്പറയുന്നവ അടയാളപ്പെടുത്തുക.

- തക്ഷശില
- ഇന്ദ്രപ്രസ്ഥം
- പാടലീപുത്രം
- ഗയ
- കലിംഗം
- ഗീർനാർ

## 2. കുഷാന സാമ്രാജ്യം

മൗര്യന്മാരുടെ അധഃപതനത്തിനുശേഷം ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ശക്തമായ ഒരു സാമ്രാജ്യമാണ് കുഷാനസാമ്രാജ്യം. യൂച്ചി വംശത്തിന്റെ ഒരു വിഭാഗമാണ് കുഷാനർ. കാഡ്ഫീഡസ് ഒന്നാമൻ ഇന്ത്യയുടെ വടക്കുപടിഞ്ഞാറുഭാഗത്ത് ക്രി.പി. ഒന്നാം നൂറ്റാണ്ടിൽ കുഷാന ഭരണത്തെ സ്ഥാപിച്ചു. ഇദ്ദേഹത്തിനു ശേഷം അധികാരത്തിലെത്തിയ കാഡ്ഫീസസ് രണ്ടാമൻ (ക്രി.പി. 65 – ക്രി.പി. 75) പഞ്ചാബിനെയും ഗംഗാസമതലത്തെയും കീഴടക്കി.

### കനിഷ്ക്കൻ

കാഡ്ഫീസസ് രണ്ടാമന്റെ മരണശേഷം കനിഷ്ക്കൻ (ക്രി.പി. 78 – ക്രി.പി. 101) കുഷാനസാമ്രാജ്യത്തിന്റെ അധിപതിയായി. കുഷാനവംശത്തിലെ ഏറ്റവും മികച്ച ഭരണാധികാരിയാണ് കനിഷ്കൻ. ഇദ്ദേഹം പാടലീപുത്രം വരെ ആക്രമണം നടത്തി. ശാകസത്രപന്മാരെ പരാജയപ്പെടുത്തി. കനിഷ്ക്കൻ രണ്ടുതവണ ചൈനയെ ആക്രമിച്ചു. ഒന്നാമത്തെ യുദ്ധത്തിൽ പ്രസിദ്ധ ചീനസൈന്യാധിപനായിരുന്ന പാഞ്ചോയിൽ നിന്നും പരാജയം ഏറ്റുവാങ്ങി. എന്നാൽ രണ്ടാമത്തെ തവണ ചൈനയെ തോല്പിച്ച് കാഷ്ക്കർ, യാർഖണ്ഡ്, ഖോട്ടാൻ എന്നീ മദ്ധ്യേഷ്യൻ പ്രദേശങ്ങളെ കുഷാനസാമ്രാജ്യത്തോടു ചേർത്തു. പുരുഷപുരം (പെഷവാർ) എന്ന പുതിയ നഗരത്തെ സ്ഥാപിച്ച് അതിനെ തന്റെ തലസ്ഥാനമാക്കി.

പിൽക്കാലത്തിൽ കനിഷ്ക്കന് ബുദ്ധമതത്തോട് ആഭിമുഖ്യം ഉണ്ടായി. നാലാം ബുദ്ധമത സമ്മേളനം കാശ്മീരിൽ നടത്തി. ഇതിൽ സുപ്രസിദ്ധ ബുദ്ധമത പണ്ഡിതന്മാരായ അശ്വഘോഷൻ, വസുമിത്രൻ, നാഗാർജ്ജുനൻ എന്നിവർ പങ്കെടുത്തിരുന്നു. ഈ സമ്മേളനത്തിലാണ് മഹായാന ബുദ്ധമത വിഭാഗം രൂപംകൊണ്ടത്.

മഹായാന ബുദ്ധമതത്തിന്റെ പ്രചരണാർത്ഥം ബുദ്ധ ഭിക്ഷുക്കളുടെ സംഘത്തെ ടിബറ്റ്, ചൈന തുടങ്ങിയ രാജ്യങ്ങളിലേയ്ക്കയച്ചു.



മഹായാന ബുദ്ധമത പണ്ഡിതനായ അശ്വഘോഷൻ ബുദ്ധചരിതം, സൂത്രാലങ്കാരം എന്നീ കൃതികളെ സംസ്കൃതത്തിൽ രചിച്ചു. വസുമിത്രൻ മഹാവിഭാഷ എന്ന ശാസ്ത്രകൃതിയും നാഗാർജ്ജുനൻ ചില തത്വശാസ്ത്രങ്ങളും രചിച്ചു. വൈദ്യശാസ്ത്ര വിശാരദനായ ചരകനും, ഗ്രീക്ക് വാസ്തുശില്പ വിദഗ്ദനായ എജിലാസും കനിഷ്ക്കന്റെ സദസ്സിനെ അലങ്കരിച്ചിരുന്നു.


ഇന്ത്യൻ, ഗ്രീക്ക് ശില്പകലകളുടെ സംയോജനത്താൽ രൂപംകൊണ്ട ഗാന്ധാര ശില്പകല ഉപയോഗിച്ച് ബുദ്ധൻ, ബോധിസത്വർ എന്നിവരുടെ വിഗ്രഹങ്ങൾക്ക് രൂപം നൽകി. ബുദ്ധമതത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം, ആ മതത്തെ പ്രചരിപ്പിക്കുന്നതിന് അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ എന്നിവ പരിഗണിച്ച് കനിഷ്ക്കനെ രണ്ടാം അശോകൻ എന്നു വിളിക്കുന്നു. കനിഷ്ക്കൻ ഭരണമേറ്റ വർഷത്തെ ആസ്പദമാക്കി ശകാപ്തം എന്ന പുതിയ കാലഗണനരീതി രൂപംകൊണ്ടു. കനിഷ്ക്കൻ ഒടുവിൽ അദ്ദേഹത്തിന്റെ കൂടാരത്തിൽവെച്ച് വഞ്ചകരാൽ വധിക്കപ്പെട്ടു. ഇതിനു ശേഷം കുഷാന സാമ്രാജ്യം അധഃപതിച്ചു.


## ഗുപ്ത സാമ്രാജ്യം

കുഷാന സാമ്രാജ്യത്തിന്റെ അധഃപതനത്തിനു ശേഷം മഗധത്തിൽ പാടലീപുത്രത്തെ തലസ്ഥാന മാക്കി ഗുപ്തസാമ്രാജ്യം രൂപീകൃതമായി. ഈ വംശത്തിലെ ആദ്യത്തെ സ്വതന്ത്ര ഭരണാധികാരിയാണ് ചന്ദ്രഗുപ്തൻ ഒന്നാമൻ (ക്രി.പി. 319 – ക്രി.പി. 335). ഇദ്ദേഹത്തിന്റെ ഭരണാരംഭത്തെ സൂചിപ്പിക്കുന്ന 'ഗുപ്തയുഗം' എന്ന കാലഗണന ആരംഭിച്ചു.

ഇദ്ദേഹത്തിനുശേഷം ഭരണാധികാരിയായ സമുദ്രഗുപ്തന്റെ (ക്രി.പി. 335 – ക്രി.പി. 375) ആക്രമണ വിജയങ്ങളെ അലഹബാദ് ശിലാശാസന ത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ബംഗാ ളിൽ നിന്നും സിന്ധുനദി വരെയും ഹിമാലയത്തിൽ നിന്നും വിന്ധ്യാ പർവ്വതംവരെയും സാമ്രാജ്യത്തെ വിസ്തൃതമാക്കി. ഒമ്പത് ഉത്തരേന്ത്യൻ രാജാക്കന്മാ രേയും പതിനൊന്ന് സംയുക്ത റിപ്പബ്ലിക്കുകളേയും, പന്ത്രണ്ട് ദക്ഷിണേന്ത്യൻ രാജ്യങ്ങളെയും ഇദ്ദേഹം യുദ്ധങ്ങളിൽ പരാജയപ്പെടുത്തിയതായി അലഹബാദ് ശിലാശാസനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലഹബാദ് ശിലാശാസനം ആലേഖനം ചെയ്തത് സമുദ്രഗുപ്തന്റെ മന്ത്രി ഹരിസേനനാണ്. സമുദ്രഗു പ്തനുശേഷം വന്ന ചന്ദ്രഗുപ്തൻ രണ്ടാമൻ (ക്രി.പി. 380 – ക്രി.പി. 414) പ്രഗല്ഭനായ ഭരണാധികാരിയായി പ്രശംസിക്കപ്പെടുന്നു.

ഇദ്ദേഹം വിദേശ ആക്രമണകാരികളായ ശാക ന്മാരെ പരാജയപ്പെടുത്തി, ഉജ്ജയിനി നഗരത്തെ പിടി ച്ചെടുത്തു.


അജന്താചിത്രം


മെഹ്റൗലിയിലെ ഇരുമ്പുസ്തംഭം

രാമായണം, മഹാഭാരതം എന്നിവയും 18 പുരാ ണങ്ങളും സമാഹരിക്കപ്പെട്ടു. പഞ്ചതന്ത്രകഥകൾ ഇവ രുടെ കാലത്തിൽ രചിച്ചതാണ്. സംസ്കൃത പണ്ഡിത ന്മാരെ ഇവർ ആദരിച്ചിരുന്നു. കാളിദാസൻ – ഭാസൻ – വിശാഖദത്തൻ തുടങ്ങിയ പ്രസിദ്ധ സംസ്കൃത പണ്ഡി തന്മാർ ഗുപ്തരാജാക്കന്മാരാൽ ആദരിക്കപ്പെട്ടവരാണ്. സംസ്കൃതത്തെ ഭരണഭാഷയാക്കി. വിഷ്ണു, ശിവൻ, ദുർഗ്ഗ തുടങ്ങിയ ഹൈന്ദവ ദൈവങ്ങൾക്ക് ചെറിയ ക്ഷേത്രങ്ങൾ നിർമ്മിച്ചു. അജന്താ ബൗദ്ധ ഗുഹകളിലെ ശില്പങ്ങളും ചിത്രങ്ങളും ഗുപ്തകാലത്തുള്ളതാണ്.

ആര്യഭട്ടൻ – വരാഹമിഹിരൻ എന്നീ പ്രസിദ്ധ ഗണിത – വാനശാസ്ത്ര ജ്യോതിഷ പണ്ഡിതന്മാരും, ചരകൻ, ശുശ്രുതൻ, ധന്വന്തരി എന്നീ വൈദ്യശാസ്ത്ര പണ്ഡിതന്മാരും ഗുപ്തന്മാരുടെ കാലത്തുള്ളവരാണ്. 1500 വർഷങ്ങളായി തുരുമ്പെടുക്കാതെ ഇന്നും മനോ ഹരമായി നിലകൊള്ളുന്ന മെഹ്റൗലിയിലെ ഇരുമ്പു സ്തംഭം ഈ കാലഘട്ടത്തിലേതാണ്.

കുമാരഗുപ്തന്റെ കാലത്ത് ലോകപ്രസിദ്ധമായ നളന്ദാ സർവ്വകലാശാല ആരംഭിച്ചു. സാമൂഹ്യഘടന യിൽ ജാതിവ്യവസ്ഥ വളരെ കാഠിന്യമേറിയതായിരുന്നു. അശോകന്റെ കാലം മുതൽ ഉപേക്ഷിച്ചിരുന്ന ജന്തുബലി, യാഗങ്ങൾ എന്നിവയ്ക്ക നവജീവൻ കൈവന്നു. ശിവൻ – ശക്തി – വിഷ്ണു – മുരുകൻ എന്നീ ദൈവങ്ങളെ ആരാധിച്ചു. ഹൈന്ദവ ദൈവങ്ങൾക്കായി നിരവധി ക്ഷേത്രങ്ങൾ നിർമ്മിച്ചു.

ഗുപ്തന്മാരുടെ ഭരണകാലം ഇന്ത്യയുടെ സുവർണ്ണകാലം എന്നു കരുതപ്പെടുന്നു. പുഷ്യമിത്രൻ, ഹൂണന്മാർ തുടങ്ങിയവരുടെ ആക്രമണത്താൽ ഇന്ത്യ യുടെ സുവർണ്ണകാലം എന്നു വിശേഷിപ്പിച്ചിരുന്ന ഗുപ്തസാമ്രാജ്യം അധഃപതിച്ചു. പ്രസിദ്ധ ചീനസഞ്ചാരി ഫാഹിയാൻ ചന്ദ്രഗുപ്തൻ രണ്ടാമന്റെ (വി ക്രമാദിത്യൻ) കാലത്തിൽ ഇന്ത്യയിലെ ബൗദ്ധസ്ഥലങ്ങൾ സന്ദർശിക്കാനെത്തിയിരുന്നു.



ഹർഷൻ



നളന്ദസർവ്വകലാശാല

## ഹർഷസാമ്രാജ്യം

ഗുപ്തന്മാരുടെ അധഃപതനത്തിനുശേഷം വിദേശികളുടെ (ഹൂണന്മാർ) ആക്രമണങ്ങളാൽ ഭരണസംവിധാനം തകർന്നിരുന്ന ഉത്തരേന്ത്യയിൽ വീണ്ടും ഒരു സാമ്രാജ്യം സ്ഥാപിച്ചത് താനേശ്വരത്തിലെ രാജാവ് ഹർഷവർദ്ധനനാണ് (ക്രി. പി. 606 – ക്രി. പി. 647).


ഹർഷൻ തന്റെ ജ്യേഷ്ഠനെ വധിച്ച ശശാങ്കനോട് ദീർഘകാലം യുദ്ധം ചെയ്തു. ഇതിനായി ഹർഷനെ കാമരൂപ (ആസ്സാം) രാജാവ് ഭാസ്ക്കരവർമ്മൻ സഹായിച്ചു. ശശാങ്കന്റെ മരണശേഷം ഹർഷൻ ബംഗാൾ രാജ്യത്തിന്റെ വലിയൊരുഭാഗത്തെ തന്റെ സാമ്രാജ്യത്തോടു ചേർത്തു. അതോടൊപ്പം, തന്റെ അനുജത്തി രാജ്യശ്രീയുടെ അപേക്ഷപ്രകാരം കനോജിന്റേയും രാജാവായി ചുമതലയേറ്റു. പിന്നീട് ഹർഷൻ കനോജിനെ തന്റെ തലസ്ഥാനമാക്കി. മാളവം, സിൻഡ്, ഒറീസ്സ പ്രദേശങ്ങളെയും ഹർഷൻ കീഴടക്കി. ദക്ഷിണേന്ത്യയെ കീഴടക്കാനും അദ്ദേഹം പരിശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ആ ഉദ്യമം വിജയിച്ചില്ല. എന്തെന്നാൽ ചാലൂക്യരാജാവ് പുലികേശി രണ്ടാമൻ ഇദ്ദേഹത്തെ പരാജയപ്പെടുത്തി.

ബൗദ്ധ സന്യാസിനിയായ രാജ്യശ്രീ, ചീനസഞ്ചാരിയായ ഹുയാങ്സാങ് എന്നിവരുടെ ശ്രമത്താൽ ഹർഷൻ ബുദ്ധമതത്തിലേയ്ക്ക് ആകൃഷ്ടനായി. കനോജ്, പ്രയാഗ എന്നീസ്ഥലങ്ങളിൽ അതിവിപുലമായ മതമഹാ സമ്മേളനങ്ങൾ നടത്തി. ഇവയിൽ ബൗദ്ധ പണ്ഡിതന്മാരെ കൂടാതെ ഇതര മതപണ്ഡിതന്മാരും വളരെയധികം പങ്കെടുത്തു. ഈ സമ്മേളനങ്ങളുടെ അവസാനത്തിൽ ഹർഷൻ തന്റെ സമ്പത്തെല്ലാം ബുദ്ധസന്യാസികൾക്കും, പണ്ഡിതന്മാർക്കും, പൊതുജനങ്ങൾക്കും ദാനമായി നൽകിയിരുന്നു.

ബൗദ്ധ സർവ്വകലാശാലയായ നളന്ദ ഹർഷന്റെ പ്രോത്സാഹനത്താൽ ലോകപ്രസിദ്ധമായ സർവ്വകലാശാലയായി വികസിച്ചു. ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ നിന്നു മാത്രമല്ല വിദേശത്തിൽ നിന്നും ധാരാളം പേർ നളന്ദയിൽ വിദ്യാഭ്യാസം നേടുന്നതിന് ഇന്ത്യയിൽ വന്നിരുന്നു.

നിരന്തരം യാത്രചെയ്തിരുന്ന ഹർഷൻ ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും നേരിട്ട് മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ട് സൽഭരണം നടത്തി. കല, സാഹിത്യം എന്നിവയ്ക്ക് പ്രോത്സാഹനങ്ങൾ നല്കി. ഇദ്ദേഹത്തിന്റെ മന്ത്രിയായ ബാണൻ സംസ്കൃത പണ്ഡിതനാണ്.

ഹർഷ സാമ്രാജ്യം



ഇദ്ദേഹം ഹർഷചരിതം എന്ന കൃതി രചിച്ചു. ഹർഷൻ സംസ്കൃതത്തിൽ പാണ്ഡിത്യം നേടിയിരുന്നു. ഇദ്ദേഹം നാഗാനന്ദം, രത്നാവലി, പ്രിയദർശിക എന്നീ കൃതികൾ രചിച്ചു. ചൈനയിലെ ബുദ്ധ സന്യാസിയായ ഹുയാങ്സാങ് ഇദ്ദേഹത്തിന്റെ കാലത്തിൽ ഇന്ത്യയിൽ വന്നിരുന്നു. കനോജ്, പ്രയാഗ, നളന്ദ, കാഞ്ചീപുരം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ചില കാലം ഹർഷന്റെ രാജസദസ്സിലും ഉണ്ടായിരുന്നു.

ഇദ്ദേഹം രചിച്ച 'സി – യു – കി' എന്ന യാത്രാ വിവരണം അന്നത്തെ ഇന്ത്യയെക്കുറിച്ചും ബുദ്ധമതത്തെകുറിച്ചുമുള്ള നിരവധി വിവരങ്ങൾ നൽകുന്നുണ്ട്. ഇസ്ലാമിക ആക്രമണങ്ങൾക്കു മുമ്പ് ഉത്തരേന്ത്യയിൽ നിലവിലുണ്ടായിരുന്ന സാമ്രാജ്യങ്ങളിൽ അവസാനത്തേതാണ് ഹർഷസാമ്രാജ്യം.

### മൂല്യനിർണ്ണയം

#### I. പൂരിപ്പിക്കുക

1. കുഷാന സാമ്രാജ്യത്തെ സ്ഥാപിച്ചത് — — — — — — — — —
2. ബുദ്ധചരിതം എന്നകൃതി രചിച്ചത് — — — — — — — — — —
3. കനിഷ്ക്കന്റെ കാലത്തെ വൈദ്യശാസ്ത്ര പണ്ഡിതൻ — — — — — — — — —
4. താനേശ്വരത്തിലെ രാജാവ് — — — — — — — —
5. ഗുപ്തന്മാരുടെ ഭരണകാലം ഇന്ത്യയുടെ — — — — — — — — — —

#### II. ശരിയോ/തെറ്റോ?

1. കനിഷ്ക്കന്റെ തലസ്ഥാനം പെഷവാർ
2. സി – യു – കി എന്ന ഗ്രന്ഥം രചിച്ചത് ഹുയാങ്സാങ്
3. ഗ്രീക്ക് വാസ്തുശില്പ വിദഗ്ദ്ധൻ എജിലാസ്
4. മെഹ്റൗലി ഇരുമ്പുസ്തംഭം ഗുപ്തകാലത്തുള്ളതാണ്.
5. സൂത്രാലങ്കാരം എന്നകൃതി രചിച്ചത് അശ്വഘോഷൻ

#### III. ചേരുംപടിചേർക്കുക


| | | | |
|---|---|---|---|
| 1. | നാലാം ബുദ്ധമതസമ്മേളനം | – | കുഷാന വംശ സ്ഥാപകൻ |
| 2. | സമുദ്രഗുപ്തന്റെ ഭരണകാലം | – | കുമാരഗുപ്തൻ |
| 3. | കനിഷ്ക്കന്റെ ഭരണകാലം | – | കനിഷ്ക്കൻ |
| 4. | ബാണൻ | – | യൂച്ചിവംശം |
| 5. | ഹർഷൻ | – | ക്രി.പി. 335 – ക്രി.പി. 375 |
| 6. | കുഷാനർ | – | ക്രി.പി.78 – ക്രി.പി. 101 |
| 7. | രണ്ടാം അശോകൻ | – | ഹർഷചരിതം |
| 8. | നളന്ദാ സർവ്വകലാശാല | – | കാശ്മീർ |
| 9. | കാഡ്ഫീസസ് ഒന്നാമൻ | – | പ്രിയദർശിക |

#### IV. ഉത്തരം നൽകുക

1. ഗാന്ധാര കലയെക്കുറിച്ചെഴുതുക.
2. ഗുപ്തന്മാരുടെ ഭരണകാലം ഇന്ത്യയുടെ സുവർണ്ണകാലം എന്നു പറയുന്നതിനുള്ള കാരണമെന്ത്?
3. ഗുപ്തന്മാരുടെ അധഃപതനത്തിനു കാരണമായ വിദേശ ആക്രമണകാരികൾ ആരെല്ലാം?
4. ശകാപ്തം, ഗുപ്തയുഗം എന്നിവയെ വിശദമാക്കുക.
5. ഫാഹിയാൻ – ഹുയാങ്സാങ് എന്നിവരെക്കുറിച്ച് കുറിപ്പെഴുതുക.

# പ്രായോഗിക പ്രവർത്തനം

1. പൂരിപ്പിക്കുക



2. വായനശാലയിൽ നിന്നും പഠിച്ചുകഴിഞ്ഞ പുസ്തകങ്ങളെയും അതിന്റെ കർത്താക്കളെയും എഴുതുക.

3. ഗതാഗതസൗകര്യങ്ങൾ ഇല്ലാത്ത കാലത്ത് ഫാഹിയാൻ, ഹുയാങ്സാങ് തുടങ്ങിയവർ എപ്രകാരമായിരിക്കും ഇന്ത്യ സന്ദർശിച്ചത്? യാത്ര വിവരണത്തെ കേട്ടറിയുക. പഠിച്ചറിയുക.

4. രാജാക്കൻമാരിൽ അധിക ശ്രദ്ധ ഉായിരുന്നത്

   അ) സൈന്യം

   ആ) ജനക്ഷേമം - ചർച്ച ചെയ്യുക